
# ബൈബിൾ ഗ്രന്ഥം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMIS-[illegible] | Commandment Matt. 28:19 [illegible] | Forgiveness Acts 2:38 [illegible] | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

*ooo* *ooo* *ooo*

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 13** **March** **2000** **No. 12**


## എഡിറ്റോറിയൽ

പല വിധത്തിൽ സത്യത്തെ മറച്ചു വെച്ചിരിക്കുന്ന സമൂഹത്തെയാണ് ഏതു രാജ്യത്തിലും നാം കാണുന്നത്. വിവിധ കാരണങ്ങൾ ഇതിന്റെ പിന്നിലുണ്ട്. നാം ഓരോരുത്തരും വളർന്നു വരുന്ന സാഹചര്യം അനുസരിച്ചായിരിക്കും നമുക്ക് കിട്ടുന്ന അറിവ്. ഒരു കുട്ടിക്ക് അമ്മയിൽ നിന്നു പ്രാരംഭത്തിൽ അറിവു കിട്ടുന്നു. തുടർന്നു പിതാവിൽ നിന്നു വിപുലമായവ ലഭിച്ചില്ലെങ്കിലും ബാഹ്യമായ കുറെ അറിവ് കിട്ടുന്നുണ്ട്. വിദ്യാഭ്യാസ കാലയളവിൽ സ്നേഹിതരിൽ നിന്നും കലാലയങ്ങളിലെ അദ്ധ്യാപനത്തിലൂടെ ഏറെ കാര്യങ്ങൾ പഠിക്കുന്നുണ്ട്. ലോകത്തിലെ-പൊതുവായ തത്വ പ്രകാരമാണ് ഇതെല്ലാം നടക്കുന്നത്. മുൻപറഞ്ഞ രീതിയിൽ കിട്ടുന്ന അറിവിൽ ശരിയും തെറ്റും സമ്മിശ്രമായി കിടക്കുന്നുണ്ട് എന്ന കാര്യം പഠിക്കുന്നവർ അറിയുന്നില്ല. തൻ നിമിത്തമായി ആളുകളിൽ സത്യവും അസത്യവും കൂടി കലർന്നു കിടക്കുന്നു എന്നു പറയാം. ഇതിൽ നാം മുൻ തലമുറയെ പഴിച്ചതുകൊണ്ടു ഫലമില്ല. അവർക്കും സംഭവിച്ചിട്ടുള്ള കാര്യമാണിത്. ഇവിടെയാണ് നമ്മുടെ വിവേചനാബുദ്ധി ഉപയോഗിക്കേണ്ടത്.

വിശ്വാസികളും അവിശ്വാസികളും ആണല്ലോ മതപരമായി തരം തിരിച്ചാൽ കിട്ടുന്നത്. ഒരുവിഭാഗം അവിശ്വാസികളായി മാറുവാൻ കാരണം ഇത്തരം ദുരവസ്ഥകളാണ്.

കതിരും പതിരും വേർതിരിച്ചറിയാൻ അവർക്കു കഴിയുന്നില്ല. ഇനി വിശ്വാസികൾ എന്നു പറയുന്നവർക്കിടയിൽ തന്നെ സത്യത്തെ മൂടി വെച്ചുകൊണ്ടു പ്രവർത്തിക്കുന്നവർ ധാരാളമുണ്ട്. അബ്രഹാമിനു രണ്ടു മക്കളുണ്ടായിരുന്നു. ഇസഹാക്കും യിശ്മായിലും. യിശ്മായിലാണ് ദാസിയായ ഹാഗാരിൽ നിന്നും ആദ്യം ജനിക്കുന്നത്. എന്നാൽ വാഗ്ദാന പ്രകാരം ജനിച്ച സന്തതി ഇസഹാക്കാണ്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യ വസ്തുത എന്തെന്നാൽ അബ്രഹാം ഇസഹാക്കിനെ യാഗം കഴിപ്പാൻ കൊണ്ടുപോയി എന്നാണ്. ഒരു കൂട്ടം ആളുകൾ വിശ്വസിക്കുന്നതു യിശ്മായിലിനെയാണ് അബ്രഹാം യാഗം കഴിക്കാൻ കൊണ്ടു പോയതു എന്നാണ്. ഇതാണ് ഞാൻ പറഞ്ഞ സത്യത്തെ മൂടി വെക്കലും അസത്യത്തെ വിശ്വസിപ്പിക്കലും. സത്യത്തെ കണ്ടെത്താതിരുന്നാൽ അസത്യം സത്യമാണെന്നു ആളുകൾ വിശ്വസിക്കും. പക്ഷെ സത്യം അറിയുവാനുള്ള പരിശോധനയാണ് ആവശ്യം. അതിനായി ആളുകൾ തയ്യാറാകണം.

മററുള്ളവർ പറയുന്നതു സത്യമാണോ അല്ലയോ എന്നു തിരിച്ചറിയുന്നതിനു മുൻപ് അവയെ ത്യജിക്കാൻ പറയുന്നതു ശരിയല്ല. കഴിഞ്ഞ മാസം ഞങ്ങൾ കുറെപേർ വയനാട്ടിൽ പോയി സുവിശേഷ യോഗത്തിൽ പ്രസംഗിച്ചു. ഉടനെ അതിനെ അവിടത്തെ ചിലർ വിലയിരുത്തിയതു "ഇന്നത്തെ മഴയ്ക്കു കിളിർത്ത തകര" എന്നാണ്. ഞങ്ങൾ പറയുന്നതു സത്യമാണോ എന്നു പരിശോധിക്കാനും സത്യമല്ലെങ്കിൽ അതു തള്ളികളയുവാനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ടല്ലോ. അതു ചെയ്യാതെ സത്യത്തെ മറെക്കുവാൻ അവർ കണ്ടെത്തുന്ന മാർഗ്ഗം ഇതുപോലെയുള്ള പ്രസ്താവനകളാണ്.

# വഞ്ചിക്കപ്പെടാതിരിപ്പിൻ

## J.C. ചോട്ട്

വഞ്ചിക്കപ്പെടാതിരിപ്പിൻ എന്നു കർത്താവിന്റെ വചനത്തിൽ ആവർത്തിച്ച് മുന്നറിയിച്ചിട്ടുള്ളതാണ്. വഞ്ചിക്കപ്പെടുക എന്നു പറഞ്ഞാൽ തെററായി നയിക്കപ്പെടുക എന്നാണ് അർത്ഥമാക്കുന്നതു. തെററായ ഉപദേശം ആരെങ്കിലും പഠിപ്പിക്കുമ്പോൾ അതു സ്വീകരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. തിരുവെഴുത്തുകൾ മിക്കവാറും എല്ലാ ഭാഷകളിലും ലഭ്യമാണ്. അതു വായിച്ചു സത്യം മനസിലാക്കുവാൻ കഴിയും. അങ്ങനെയൊരു സാഹചര്യം ഉള്ളതുകൊണ്ടു തെററായി നയിക്കപ്പെടുവാനിടയില്ല എന്നു കരുതിയേക്കാം. പക്ഷെ ധാരാളം പേർ വഞ്ചനക്കിരയായി തീർന്നിരിക്കുന്നു എന്നതാണ് വാസ്തവം.

കർത്താവ് പറഞ്ഞതു ശ്രദ്ധിക്കുക. "അതിനു യേശു ഉത്തരം പറഞ്ഞതു: ആരും നിങ്ങളെ തെററിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെററിക്കും" (മത്തായി 24:4-5). താൻ ക്രിസ്തുവാണെന്നും മശിഹയാണെന്നും പറഞ്ഞു ആളുകളെ തെററിക്കുന്നതു ധാരാളം പേർ വിശ്വസിച്ച് വഞ്ചിതരായി തീർന്നിട്ടുണ്ട് എന്ന് നമുക്കറിയാം. ഇനിയും ആളുകൾ അത്തരം അവകാശവാദവുമായി വന്നേക്കാം. കപട വേഷധാരികളാണവർ. ബുദ്ധിയുള്ളവരും ഉയർന്ന വിദ്യാഭ്യാസമുള്ളവരും ഈ വഞ്ചനയിൽ കുടുങ്ങുമെന്ന് എങ്ങനെ ചിന്തിക്കാൻ കഴിയും. പക്ഷെ യാഥാർത്ഥ്യമോ നിരവധിപേർ ഇതിൽ കുടുങ്ങുകയാണ്.

അപ്പൊസ്തലനായിരുന്ന പൌലൊസ് മുന്നറിയിച്ചിരിക്കുന്നതു വായിക്കുക. അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയൊ? നി

ങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ വാവിഷ്ഠാണക്കാർ, പിടിച്ചു പറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല'' (1 കൊരിന്ത്യർ 6:7-8). വഞ്ചിക്കപ്പെടരുത്; ദുർഭാഷണത്താൽ സദാചാരം കെട്ടു പോകുന്നു എന്നു പൌലൊസ് വീണ്ടും പറയുന്നുണ്ട് (1 കൊരിന്ത്യർ 15:33).

ഗലാത്യർക്കു ലേഖനമെഴുതുമ്പോൾ അവിടെയും ഇതു ഓർമ്മിപ്പിക്കുന്നുണ്ട്. വഞ്ചനപ്പെടാതിരിപ്പിൻ. ദൈവത്തെ പരിഹസിച്ചുകൂടാ. മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും (ഗലാത്യർ 6:7-8). ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും.

എഫെസ്യരേയും ഇതേ രീതിയിൽ മുന്നറിയിച്ച് പ്രബോധിപ്പിക്കുന്നുണ്ട്. ''അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയിലും ഉപായത്തിലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14-15). വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവ കോപം അനുസരണം കെട്ടവരുടെമേൽ വരുന്നു (എഫെസ്യർ 5:6).

തെസ്സലൊനിക്യയിലുള്ളവരെ പ്രബോധിപ്പിച്ച് പൌലൊസ് പറയുന്നതു: ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത്. ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മ മൂർത്തിയുമായവൻ വെളിപ്പെടുകയും വേണം (2 തെസ്സലൊനിക്യർ 2:3). ദുഷ്ട മനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു

മേൽക്കുമേൽ ദോഷത്തിൽ മൂതിർന്നു വരും (2 തിമൊഥെയൊസ് 3:13). തീത്തൊസിനു എഴുതുമ്പോഠം സൂചിപ്പിച്ചതു: വ്യർത്ഥ വാചാലന്മാരും മനോവഞ്ചകന്മാരുമായി വഴങ്ങാത്തവരായ പലരും ഉണ്ടല്ലൊ എന്നത്രെ (തീത്തൊസ് 1:10).

വചനം കേട്ടു തങ്ങളെത്തന്നെ ചതിക്കാതെ അതങ്ങനെ തന്നെ ചെയ്യുന്നവരായിരിപ്പീൻ എന്നു യാക്കോബ് പ്രസ്താവിച്ചിരിക്കുന്നു (യാക്കോബ് 1:22). ദൈവശ്വാസീയമായി യോഹന്നാൻ ക്രിസ്ത്യാനികളോടു പറയുന്നു: നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നു എന്നാണ് (1 യോഹന്നാൻ 1:8). ഈ വാക്യങ്ങളിൽ നിന്നും മററനേകം വേദഭാഗങ്ങളിൽ നിന്നും തിരിച്ചറിയാവുന്ന പരമാർത്ഥ വസ്തുതയാണ് നാം വളരെ എളുപ്പത്തിൽ വഞ്ചിതരായി തീരാം എന്നതു. അങ്ങനെ വഞ്ചിക്കപ്പെടുന്നതിൻെറ ഫലമായി നിത്യ നാശത്തിനിരയായി നഷ്ടപ്പെട്ടു പോകുവാനും സാദ്ധ്യതയുണ്ട്. സത്യം നമ്മിൽ നിലനില്ക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പക്ഷെ അതു നമ്മിൽ നിലനില്ക്കാതിരിക്കാൻ സാത്താനും പ്രവർത്തിക്കുന്നു. നാം നമ്മെത്തന്നെ സൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥരാണ് എന്നതു മറക്കരുത്.

★ ഒരാഠം, തന്നെ എങ്ങനെ വഞ്ചിക്കുന്നു എന്നു നോക്കാം. അയാഠം എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുകയും ചെയ്യുകയും ചെയ്യുന്നു. അല്ലെങ്കിൽ എന്തെങ്കിലും ശരിയാണെന്നു തെററിദ്ധരിച്ച് വിശ്വസിക്കാനിടയാകുന്നു. അതു ശരിയാണോ തെററാണോ എന്നു പരിശോധിക്കാതെ സത്യമാണെന്നു വിശ്വസിക്കുന്നു. അനവധി നൂററാണ്ടുകഠംക്കു മുൻപ് ജീവിച്ചിരുന്ന പ്രവാചകനായിരുന്ന ഓബദ്യാവ് എഴുതിയതു: നിങ്ങളുടെ ഹൃദയത്തിലെ നിഗളമാണ് നിങ്ങളെ വഞ്ചിക്കുന്നതു എന്നത്രെ.

★ മററുള്ളവരാൽ ഒരാഠം വഞ്ചിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പൌലൊസ് അപ്പൊസ്തലൻ അതു മുന്നറി

യിച്ചിട്ടുണ്ട്. "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല, തങ്ങളുടെ വയററിനെയത്രെ സേവിക്കയും ചക്കര വാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്യുന്നു (റോമർ 16: 17-18). ഒരുപക്ഷെ ആളുകൾ പറഞ്ഞു ഫലിപ്പിക്കുമ്പോൾ അതു ബൈബിളിനു വിരുദ്ധമായാൽ പോലും ശരിയാകാമെന്നു ധരിച്ചു വഞ്ചിതരാകുന്നു.

★ പ്രചാരത്തിലിരിക്കുന്ന തെററായ ഉപദേശത്താൽ ഒരാൾ വഞ്ചിക്കപ്പെടാം. ദീർഘകാലമായി പഠിപ്പിച്ചു വരുന്നതുമാകാം. പക്ഷെ അതു ദൈവ വചനത്തിനു വിപരീതമാണ്. ആ പരമാർത്ഥം അറിയാതെ ജനങ്ങൾ അതിൽ കുടുങ്ങി പോകുന്നുണ്ട്. ചക്കര വാക്കും മുഖസ്തുതിയും കൊണ്ട് അവർ ദൈവ വചന സത്യത്തെ മറച്ചു പിടിക്കുന്നു. സ്ത്രീകളാണ് ഇതിൽ പെട്ടെന്നു വഞ്ചിതരായി തീരുന്നത്. എല്ലാവരും ഇതു മുൻകൂട്ടി മനസിലാക്കി തങ്ങളുടെ ആത്മീയ ജീവിതം സൂക്ഷിക്കണം.

★ ഭൂരിഭാഗത്തെ അനുഗമിച്ചുകൊണ്ടു ഒരാൾക്കു വഞ്ചിതനാകാം. അത്രയും വലിയ ജനകൂട്ടം ഉള്ളതുകൊണ്ടു അവർ തെററായിരിക്കയില്ല എന്നു കരുതുന്നവരാണവർ. അത്രയും പേരെയും ദൈവം നശിപ്പിക്കുമോ എന്നതാണ് സംശയം. എന്നാൽ യേശുക്രിസ്തു പഠിപ്പിച്ചതു അവർ മറക്കുകയാണ്. ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടെ കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമത്രെ. അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ (മത്തായി 7:13-14).

ദൈവ പദ്ധതിയിൽ ഉൾപ്പെട്ട വിഷയങ്ങളെ തെററായി പഠിപ്പിച്ച് കഴിയുമ്പോൾ അവർ അതു വിശ്വസിക്കുന്നു. രക്ഷാപദ്ധതി, സഭ, സ്വീകാര്യമായ ആരാധന, യഥാർത്ഥ ക്രിസ്തീയ ജീവിതം, ക്രിസ്തുവിൻെറ രണ്ടാം വരവ്, ന്യായവിധി, നിത്യത എന്നീ വിഷയങ്ങളെ എല്ലാം വചന വിരുദ്ധമായി ആളുകൾ പഠിപ്പിച്ചു വന്നിട്ടുണ്ട്. ഞങ്ങളുടെ അപേക്ഷ എന്തെന്നാൽ ആത്മാവിനെ ബന്ധിക്കുന്ന ഏതു കാര്യത്തിലും ദൈവ വചനത്തെ അങ്ങനെ തന്നെ എടുക്കുക. വഞ്ചിക്കപ്പെടാതിരിക്കുക.

★

# സത്യത്തെ അവഗണിക്കൽ

**ജോണി രാംസെ**

ആളുകൾ വിശ്വാസം ത്യജിക്കും എന്നു അപ്പൊസ്തലനായ പൌലൊസ് തെസലൊനിക്യയിലുള്ളവരെ മുന്നറിയിക്കുകയുണ്ടായി. തൻെറ കാലയളവിൽ തന്നെ വിശ്വാസത്യാഗം സംഭവിച്ചുവെന്നും പറയുന്നുണ്ട് (2 തെസലൊനിക്യർ 2:7). തെററു വരുമ്പോൾ വലിയ മല പോലെ ആയിരിക്കയില്ല. വളരെ ചെറിയ തോതിൽ ആരംഭിക്കുന്നു. ക്രമേണ അതു വളർന്നു വ്യാപിച്ചു നരകമെന്ന ഭയാനകമായി തീരുന്നു. ഇത്തരം പ്രവൃത്തികളുടെ സ്വാധീനം അനേകം ആളുകളെ ആ വഴിയിൽ കൂടെ സഞ്ചരിക്കുവാൻ പ്രേരിപ്പിക്കുന്നു. അതേ സമയത്ത് മറുവശത്തുള്ള ക്രിസ്തീയ സ്വഭാവത്തിൻെറ വെല്ലുവിളിയും അതിൻെറ ഫലവും അവർ കാണുന്നേയില്ല. വിശ്വാസത്യാഗത്തിൻെറ വാതിൽ തുറക്കുമ്പോൾ നട്ടെല്ലില്ലാത്ത അനവധി പേർ അതു വഴി ഒഴുകി പോകുന്നു. ഇതു ഹൃദയ ഭേദകമായ സംഭവമാണെന്നു എടുത്തു പറയേണ്ടതില്ലല്ലൊ.

സത്യത്തിൽ നിന്നു പുറം തിരിഞ്ഞു പിൻമാറി പോയവരെ തിരിച്ചുകൊണ്ടു വരാൻ വളരെ പ്രയാസമാണ്. സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുന്നതിൽ ആളുകൾ പരാജയപ്പെടുമ്പോൾ (1 തെസലൊനിക്യർ 5:21) ആ വ്യക്തി സ്വയം സിദ്ധമായി ആരും അല്ലാതായി തീരുന്നു. കാരണം വിശുദ്ധന്മാരെ ഉപേക്ഷിച്ചു പോകുകയാണല്ലോ. തിരുവെഴുത്തുകളെ പരിശോധിച്ച് യഥാർത്ഥ രക്ഷാമാർഗ്ഗം കാത്തു സൂക്ഷിക്കുന്നതെങ്ങനെ എന്നു അവർ കണ്ടെത്തുന്നില്ല (പ്രവൃത്തി 17:11). എഫെസ്യയിലെ മൂപ്പന്മാരെ അപ്പൊസ്തലനായ പൌലൊസ്, വരുവാനിരിക്കുന്ന വിശ്വാസത്യാഗത്തെ ഓർപ്പിക്കുന്നുണ്ട്. വിശുദ്ധ തിരുവെഴുത്തുകൾ പ്രമാണിക്കുന്നവർക്കു മാത്രമാണ് രക്ഷിക്കുന്ന പ്രത്യാശ (പ്രവൃത്തി 20:32). സഹോദരങ്ങൾ, ബൈബിൾ പറയുന്നതു ശ്രദ്ധിക്കാതെ വരുമ്പോൾ തെറ്റുകളാൽ വശീകരിച്ച് അടിമപ്പെടുന്നു. മറ്റുള്ളവരുടെ അഭിപ്രായമോ നിർദ്ദേശമോ അവർ സ്വീകരിക്കയും ചെയ്യും. ഇരുട്ട് അവരെ കീഴ്പ്പെടുത്തികളഞ്ഞാൽ അവർക്കു പിന്നെ വെളിച്ചത്തിലേക്കു വരാൻ കഴിയാതവണ്ണം അന്ധരായി തീരും.

കർത്താവിനു വേണ്ടി നിലനില്ക്കുന്നതിൽ പരാജയപ്പെടുമ്പോൾ (എഫെസ്യർ 6:10-12). ലോകവും ഏതാണ്ട് അതിനോടു സമമായി നില്ക്കുന്നതായി അവർക്കു തോന്നും. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ, ക്രിസ്തുവിനെയും അവന്റെ സഭയെയും വിട്ടു ഭൌമിക കീർത്തി ആഗ്രഹിച്ച് പോകുമ്പോൾ ശക്തമായ ഒരടിസ്ഥാനവും കെട്ടുറപ്പുള്ള ഭാവി പ്രത്യാശയും ആണ് അവർ നഷ്ടമാക്കുന്നത്. ഒരു രാത്രികൊണ്ടു മിസ്രയീം വിട്ടുപോയ ഇസ്രായേൽ ജനം മിസ്രയീം ഉപേക്ഷിക്കുവാൻ നാല്പതു വർഷം എടുത്തു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# നാവ് മെരുങ്ങാത്തതോ ? മെരുക്കാത്തതോ ?

**ബാബു ജോസഫ്**

രക്ഷിക്കപ്പെട്ടവരുടെ കൂട്ടം എന്നറിയപ്പെടുന്ന ദൈവസഭകളിൽ ഉണ്ടാകുന്ന പല പ്രശ്നങ്ങളുടെയും അടിസ്ഥാനപരമായ കാരണങ്ങൾ അന്വേഷിച്ചാൽ മിക്കപ്പോഴും ലഭിക്കുന്ന ഉത്തരം 'നാവുകൊണ്ടുള്ള പാപം' ആണെന്നു കണ്ടെത്താൻ കഴിയും. പുകവലി, മദ്യപാനം, കള്ളനോട്ടടി കൊലപാതകം...., ഇങ്ങനെ ലോകമനുഷ്യർ ചെയ്തുകൂട്ടുന്ന കുററകൃത്യങ്ങളൊന്നും ദൈവ സഭകളിൽ നടക്കുന്നില്ലെന്നുള്ളത് വാസ്തവമെങ്കിലും ചില വിഭാഗങ്ങളുടെ ആരാധനാലയങ്ങളിൽ പ്രശ്നങ്ങളുടെ അടിയൊഴുക്ക് പലപ്പോഴും രൂക്ഷമാകാറുണ്ട്. എല്ലാ പ്രശ്നങ്ങളുടെയും ആകെത്തുക 'ഒന്നുമില്ല-nothing'- എന്നതാണ് ശരി. ഒരു പ്രശ്നവും ഇല്ലാത്ത ചില പ്രശ്നങ്ങളാണ് സംഭവിക്കരുതാത്തയിടത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

മനുഷ്യ ശരീരത്തിലെ എല്ലാ അവയവങ്ങളും വളരെ പ്രാധാന്യമേറിയവയാണ്. എങ്കിലും കണ്ണ്, ഹൃദയം, നാവ് ഇവയുടെ ഉപയോഗത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണം വേദപുസ്തകത്തിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇവയുടെ പ്രസക്തി വർദ്ധിച്ചിരിക്കുന്നു. നാവിനെപ്പററിയുള്ള എല്ലാ പഠനങ്ങളും താഴെ കാണുന്ന വാക്യത്തിൽ സംഗ്രഹിക്കാം. 'നാവിനെയോ മനുഷ്യർക്കാർക്കും മെരുക്കാവതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു. ദൈവത്തിൻെറ സാദൃശ്യത്തിൽ ഉണ്ടാക്കിയ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽ നിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരെ ഇങ്ങനെയായിരിക്കുന്നത് ഉചിത

മല്ല'' (യാക്കോ 3:8-10). ഗുണവും ദോഷവും, മധുരവും കയ്പും, ശാപവും അനുഗ്രഹവും ഒരേ നാവിൽ നിന്നുതന്നെ പുറപ്പെടുന്നു എന്നു വ്യക്തം.

രക്ഷിക്കപ്പെട്ട ദൈവജനത്തിന്റെ കൈയിൽ വാളോ, കുന്തമോ തോക്കോ....മറ്റ് ആധുനിക ആയുധങ്ങളോ ഒന്നുമില്ല. ഇതെല്ലാം ചപ്പും ചവറുമായെണ്ണി ഉപേക്ഷിച്ചു എന്നുള്ളത് സത്യമെങ്കിലും ഇന്ന് അതൊരു വായ്‌വേദാന്തം മാത്രമായിരിക്കുന്നു. എന്നാൽ ഇവയെക്കാൾ മൂർച്ചയേറിയതും മാരകമായതുമായ ആയുധമത്രേ നാവ്. ഈ നാവിനെ മെരുക്കാത്തവരാണ് ഇന്നുള്ള ആത്മീയരിൽ പലരും. എവിടെയും എന്തിനെയും കുറ്റം പറയുന്ന 'പരദൂഷണം പരോപകാരമായി' പറഞ്ഞുപരത്തി വിലസുന്നവർ. കണ്ണിൽ കാണുന്നവരുടെ കുറ്റം, കാണാത്തവരുടെ കുറ്റം, കൂട്ടായ്മയുടെ കുറ്റം, പ്രസംഗകന്റെ കുറ്റം, പ്രസംഗത്തിലെ കുറ്റം, ദൈവത്തിനു കുറ്റം, ദൈവജനത്തിന്റെ കുറ്റം, ആത്മീയ ശുശ്രൂഷകളിൽ പ്രശസ്തിയിലേക്കുയർന്നവരുടെ അനുഗ്രഹം കണ്ട് വിറളിപിടിച്ച് കൊതിയും നുണയും പറയുക. അവരുടെ മുൻകാലജീവിതപാളിച്ചകൾ പൊതുജനസമക്ഷം അവതരിപ്പിച്ച് പുതിയ 'ആകാശ തത്വത്തിന്റെ' ഉപജ്ഞാതാവായി തീരാനുള്ള ആർത്തി.... ഇങ്ങനെ പോകുന്നു ഇന്നത്തെ പെന്തെക്കോസ്തു വിശ്വാസികളുടെ നീളം കൂടുന്ന നാവിന്റെ വർത്തമാനകാല ചരിത്രം.

തെറ്റും, കുറവും കണ്ടാൽ ചൂണ്ടിക്കാണിക്കരുതെന്നാണോ ? ഒരിക്കലുമല്ല. പ്രതികരണമുണ്ടെങ്കിലേ അനുകരണീയമായ മാതൃക ഉണ്ടാവുകയുള്ളൂ. ഇവിടെ പ്രതികരിക്കുന്ന മാനദണ്ഡങ്ങളാണു ഉദ്ദേശിക്കുന്നത്. പ്രതിപക്ഷബഹുമാനം പോലും ഇല്ലാത്ത നിലയിൽ പരസ്പരം ചെളിവാരിയെറിയുന്നതോ, വിഴുപ്പലക്കുന്നതോ പ്രതികരണത്തിന്റെ മാന്യത കളഞ്ഞുകുളിക്കുന്നു. ആത്മീയരായിട്ടുള്ളവർ വിലകുറഞ്ഞ ഏർപ്പാടുകൾ അവസാനി

പ്പിക്കുകയും അന്തസ്സും മാന്യവുമായി ആത്മീയർക്കു യോജിച്ച നിലയിൽ പ്രതികരിക്കുകയാണ് വേണ്ടത്. ചിലരുടെ പ്രസ്താവനകളും പ്രവർത്തനങ്ങളും കാണുമ്പോൾ 'വിശേഷാലഭിഷേകം' (പ്രത്യേക വരമായിരിക്കണം) പ്രാപിച്ചതെന്നു തോന്നാറുണ്ട്. ദൈവപ്രസാദത്തിനു വേണ്ടി നിങ്ങൾ ചെയ്യുന്നത് 'വെളുക്കാൻ തേച്ചത് പാണ്ടായതുപോലെ' ദൈവനാമം ദുഷിക്കപ്പെടാനേ ഇടയാകയുള്ളു.

നാവ് മെരുങ്ങിയിട്ടില്ലാത്തതാണെങ്കിൽ അതിനെ മെരുക്കാൻ ശ്രമം തുടങ്ങിയാട്ടെ. ഒരാളുടെ നാവിനെ മറ്റൊരാൾക്കു മെരുക്കാവതല്ല. സ്വയം അത് ചെയ്യാനാകും. ദാവീദ് നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ പ്രതിജ്ഞ ചെയ്തു (സങ്കീ. 39:1). നാവിനെ മെരുക്കാത്തവൻ തന്റെ ഹൃദയത്തെ വഞ്ചിക്കുന്നു. അവന്റെ ഭക്തി വ്യർത്ഥമത്രേ (യാക്കോ 1:26). മിക്കവാറും പ്രശ്നങ്ങൾക്കും കാരണം നാവാണെന്നും വമ്പുപറയുന്ന നാവ് തീയാണെന്നും, ഈ തീ എത്ര വലിയ കാടും കാടിനെയും കത്തിക്കുമെന്നും യാക്കോബ് 3:1-12 വരെയുള്ള വാക്യങ്ങളിൽനാം വായിക്കുന്നു.

മെരുങ്ങിയ നാവുള്ള ഒരു വ്യക്തിക്കുമാത്രമേ ശത്രുവിനെതിരെ (പിശാച്) ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് പോരാടി ക്രിസ്തീയ ജീവിതം വിജയകരമാക്കിത്തീർക്കുവാൻ സാധിക്കയുള്ളു. യുദ്ധത്തിലേർപ്പെടുന്ന ഒരു സൈനികനെ സർവ്വാംഗ പരിശോധനയ്ക്കു വിധേയനാക്കുന്നതുപോലെ നമ്മുടെ സേനാനായകനായ ദൈവം നമ്മെയും സർവ്വാംഗ പരിശോധനയ്ക്കു വിധേയരാക്കി ശത്രുവിനോടെതിർക്കുവാൻ ബലവും യോഗ്യതയുമുള്ളവരാക്കി സ്വർഗ്ഗീയ സൈന്യത്തിൽ പടപൊരുതുവാൻ ബലപ്പെടുത്തട്ടെ.

നമ്മുടെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകട്ടെ (സങ്കീ. 45:1,2). കർത്താവിനെയും അവ

ന്റെ തിരുവചനത്തെ രുചിച്ചറിയുന്നതായിരിക്കട്ടെ (സങ്കീ 34:8, 119:103; സംഖ്യ. 11:8). ദൈവത്തെ എപ്പോഴും സ്തുതിക്കുന്നതായിരിക്കട്ടെ (സങ്കീ. 34:1). തളർന്നവരെ താങ്ങുന്ന ആശ്വാസ വചനങ്ങൾ പുറപ്പെടുന്നതായിരിക്കട്ടെ (യെശ. 59:4). കർത്താവിനു വേണ്ടി പറയുവാൻ തിടുക്കമുള്ളതായിരിക്കട്ടെ (1 പത്രൊസ് 3:15; യാക്കോ 1:19). നമ്മുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതുമായിരിക്കട്ടെ.

ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക സങ്കീ. 34:13.

★

# സമ്പാദ്യത്തെ കാണുന്നതുപോലെ

**ഗ്ലെൻ കോളെ**

ഒരു മനുഷ്യന്റെ യോഗ്യതയെ നാം അളക്കുന്നതു അയാളുടെ സമ്പത്തിന്റെ അടിസ്ഥാനത്തിലാണോ ? നമ്മുടെ ദൈനന്തിന ഇടപാടുകളിൽ ദരിദ്രന്മാരോടു കാണിക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയും അടുപ്പവും പണക്കാരോടു നാം കാണിക്കാറുണ്ടോ ? അങ്ങനെയെങ്കിൽ നാം പാപം ചെയ്യുകയാണ് (യാക്കോബ് 2:1-5, 9). ദുഃഖകരമെന്നു തന്നെ പറയട്ടെ ചിലർ പണത്തിനു വേണ്ടി അവരുടെ സ്നേഹിതന്മാരേയും വേണ്ടപ്പെട്ടവരേയും എന്തിനേറെ, ദൈവത്തെപോലും അവർ വില്ക്കുന്നു. പണത്തിനു ചിലപ്പോൾ അന്ധമായ ഫലം ഉണ്ട് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കൂടുതൽ പണം ഉണ്ടാക്കുവാനായി നമ്മുടെ

(ശേഷം 19-ാം പേജിൽ)

# തിരുവനന്തപുരത്ത് എൻജി. കോളജ് സ്ഥാപിക്കും

കോഴിക്കോട്; വയനാട്, തിരുവനന്തപുരം, പാലക്കാട് എന്നിവിടങ്ങളിൽ എൻജിനീയറിങ് കോളജുകളും കോട്ടയത്തു ഡൻറൽ കോളജും സ്ഥാപിക്കുമെന്നു ബജററിൽ പ്രഖ്യാപിച്ചു. കോഴിക്കോട് മെഡിക്കൽ കോളജിൽ ബി. ഫാം. കോഴ്സ് തുടങ്ങും. വിവിധ ജില്ലകളിൽ പ്രഫഷനൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രഫഷനൽ എജ്യൂക്കേഷന് 50 കോടി രൂപ സഹായം നൽകും.

പരിയാരം മെഡിക്കൽ കോളജ് സർക്കാർ ഉടമസ്ഥതയിലാക്കാൻ 50 കോടി രൂപ നീക്കിവച്ചു. പ്രീ ഡിഗ്രി വേർപെടുത്താൻ 15 കോടി രൂപയാണു നീക്കിവച്ചിരിക്കുന്നത്. 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്യൂണിററി ഹെൽത്ത് സെൻററുകളായി ഉയർത്താൻ രണ്ടു കോടിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ 1.5 കോടിയും വകയിരുത്തി. റീജണൽ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ട്രെയിനിങ് സെൻററിനെ സ്റ്റേററ് ഇൻസ്ററിററ്യൂട്ടാക്കാൻ 10 ലക്ഷം രൂപയും സൊസൈററി ഫോർ റീഹാബിലിറേറഷൻ ഓഫ് കൊഗ്നിററീവ് ആൻഡ് കമ്യൂണിക്കേററീവ് ഡിസ്ഓർഡേഴ്സിനു 20 ലക്ഷം രൂപയും നീക്കിവച്ചു.

## യുവാവിനെ കസ്റ്റഡിയിൽ മർദ്ദിച്ചവശനാക്കി

തൻെറ മാല പറിച്ചോടിയയാളെ പിടിച്ചേൽപ്പിക്കാൻ പൊലീസിനെ വിളിച്ചു വരുത്തിയ യുവാവിനെ കസ്റ്റഡിയിൽ മർദ്ദിച്ചവശനാക്കി.

സംഭവത്തോടനുബന്ധിച്ചു ഫ്ളയിങ് സ്ക്വാഡ് ഹെഡ് കോൺസ്റ്റബിൾ മാധവൻ കുട്ടി (നമ്പർ-4815) യെ സിററി പൊലീസ് കമ്മീഷണർ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. മർദ്ദനത്തിന് ഇയാൾക്കെതിരെ സെൻട്രൽ പൊലീസ് കേസ് എടുത്തിട്ടുണ്ട്.

ഇളംകുളത്തെ കൊച്ചിൻ അഗ്രോ കെമിക്കൽസ് ജീവനക്കാരൻ കൊല്ലം കല്ലട വിജയ ഭവനം വീട്ടിൽ ജോസ് സെബാസ്ററ്യ (27) നെ പലവട്ടം രക്തം ഛർദ്ദിച്ചതിനെ തുടർന്ന് എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ ഇടതു ചെവിയുടെ കേൾവി ശക്തി പൂർണമായി നശിച്ചു. മൂത്രതടസ്സവും ഉണ്ട്. അടിവയററിലും ഇടതു നെഞ്ചിലും മർദ്ദനത്തിൻെറ പാടുകളുണ്ട്. ദേഹമാസകലം നുറുങ്ങുന്ന വേദനയാണെന്ന് ആശുപത്രി കിടക്കയിൽ കിടന്നു ജോസ് പറഞ്ഞു. മൂത്രം പോകാൻ ട്യൂബ് ഇട്ടിരിക്കുകയാണിപ്പോൾ.

കസ്റ്റഡിയിലെടുത്ത പ്രതിക്കു നെഞ്ചുവേദന അനുഭവപ്പെട്ടതിനാൽ ആശുപത്രിയിൽ കൊണ്ടുവന്നു എന്നാണു പൊലീസ് ആശുപത്രിയിൽ നൽകിയ വിവരം. രക്തം ഛർദ്ദിച്ചു, മലത്തിൽ രക്തം ഉണ്ടായിരുന്നു, മൂത്രതടസ്സം എന്നിവയാണ് ആശുപത്രിയിലെ കേസ് ഷീററിൽ ഉള്ള വിവരങ്ങൾ.

## ഹജ് ആരംഭിച്ചു; ഇന്ന് അറഫാ സംഗമം

തീർഥാടക ലക്ഷങ്ങൾ ഇന്ന് ആറഫായിൽ സംഗമിക്കുന്നു. അല്ലാഹുവിൻെറ തിരുസന്നിധിയിൽ സമർപ്പണത്തിൻെറയും അനുസരണത്തിൻെറയും നിലക്കാത്ത മന്ത്ര ധ്വനി: ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക് (നാഥാ നിൻെറ വിളി കേട്ട് ഞങ്ങളിതാ എത്തിയിരിക്കുന്നു). നൂറോളം രാജ്യങ്ങളിൽ നിന്നു കടലും കരയും കടന്നെത്തിയ വിശ്വാസികൾ

ക്ക് ഒരൊററ വേഷം. പുരുഷന്മാർക്ക് ഒരു മുണ്ടും ഒരു മേൽമുണ്ടും. സ്ത്രീകൾക്ക് പർദ്ദയും മക്കനയും.

വാഹന വ്യൂഹങ്ങളിലായാലും കാൽനടയായാലും ലക്ഷങ്ങൾ ഇന്നലെ ഉച്ചയോടെ മക്കയിൽ നിന്ന് അൽപം മാറി മിനായിൽ സന്ധിച്ചു. കിഴക്കും പടിഞ്ഞാറും തെക്കും വടക്കും അവിടെ ഒന്നായി.

മിനാ താഴ്വരയിലെ തീപിടിക്കാത്ത ഫൈബർ ടെന്റുകൾക്ക് പെട്ടെന്നു ജീവൻവച്ചു. ഒരു വർഷത്തെ ഇടവേളയ്ക്കു ശേഷം അവിടെ നിന്നു പ്രപഞ്ചനാഥനു സ്തോത്രങ്ങളുയർന്നു. അവിടെ പുണ്യ ഖൈഫ് പള്ളിയിലെ നമസ്കാരത്തിലും കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകളിലുമായി തീർഥാടകർ ആത്മനിർവൃതി നേടി. 44,000 കൂടാരങ്ങളിലായി അവർ അന്തിയുറങ്ങി. ഇരുപത്തിയേഴ് ഡിഗ്രിയ്ക്കും മുപ്പത്തിയൊന്ന് ഡിഗ്രിയ്ക്കുമിടയിലായിരുന്നു ചൂട്.

# വ്യവസായ മേഖലയ്ക്ക് കടുത്ത നിരാശ

കേരള ബജററ് തീർത്തും നിരാശാജനകമെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി വിലയിരുത്തി. സമ്പദ്ഘടനയുടെ വളർച്ച ലക്ഷ്യം വെക്കുന്നില്ല. വ്യവസായ പുരോഗതിക്ക് പ്രത്യേക നടപടികളൊന്നുമില്ല. മൂലധനച്ചെലവിൽ ചെറിയ കുറവ് വരുത്തിയപ്പോൾ റെവന്യൂ ചെലവ് 900 കോടി രൂപയിലധികമാവുകയും ചെയ്തു. കമ്മി നിയന്ത്രിക്കുന്നതിനുള്ള ശ്രമം സ്വാഗതാർണമാണ്. പക്ഷേ, മൂലധനച്ചെലവ് കുറച്ചുകൊണ്ടല്ല ഇത് നേടേണ്ടത്. സർക്കാരിന്റെ 'വലിപ്പം കുറയ്ക്കുന്നതിനും നീക്കമില്ലെന്നത് പോരായ്മയാണ്.

സംസ്ഥാന ഇൻഫർമേഷൻ ഹൈവേ. സർക്കാർ ഓഫീസുകളുടെ കംപ്യൂട്ടർവൽക്കരണം തുടങ്ങിയവ നല്ല നീക്കമാണെന്ന് കോൺഫെഡറേഷൻ (കേരള) ചെയർമാൻ കെ. കെ. എം. കുട്ടി ചൂണ്ടിക്കാട്ടി. ലേബർ മിഷൻ, കെ. എസ്. ഇ. ബിയുടെ മൂന്ന് പ്രോഫിററ് സെൻററുകൾ തുടങ്ങിയവയും ശ്രദ്ധേയം. ഏകജാലക പദ്ധതിയാണ് സ്വാഗതാർഹമായ മറെറാരു നടപടി.

നാണ്യവിളകൾക്കും പരമ്പരാഗത വ്യവസായ മേഖലയ്ക്കും ആശ്വാസം നൽകുന്ന നടപടികളുണ്ടെങ്കിലും സിമൻറിൻെറയും ഇലക്ട്രിക്കൽ സാധനങ്ങളുടെയും നികുതി കൂട്ടിയത് കെട്ടിട നിർമ്മാണ വ്യവസായത്തിന് തിരിച്ചടിയാകുമെന്ന് ഇന്ത്യൻ ചേംബർ പ്രസിഡൻറ് ഏബ്രഹാം ഫിലിപ്പ് ചൂണ്ടിക്കാട്ടി. മൂലധനം ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും എടുത്തു പറയത്തക്ക നടപടികളൊന്നുമില്ല.

പ്രൊഫഷനൽ വിദ്യാഭ്യാസത്തിന് വേണ്ടി സഹകരണ മേഖലയിൽ കോളജുകൾ തുടങ്ങുന്നത് ശരിയായ ദിശയിലുള്ള തീരുമാനമാണ്. പക്ഷെ ഇതിന് സ്വകാര്യ മേഖലയെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കമ്മി കുറയ്ക്കാനുള്ള ധനമന്ത്രിയുടെ ശ്രമത്തെ കൊച്ചിൻ ചേംബർ ശ്ലാഘിച്ചു. പക്ഷെ വിഭവ സമാഹരണത്തിന് മാർഗ്ഗങ്ങളില്ലാതെയും സർക്കാർ ചെലവുകൾ നിയന്ത്രിക്കാതെയും ഇതെങ്ങനെ സാധിക്കുമെന്നതാണ് മുഖ്യപ്രശ്നം. വ്യവസായ വികസനത്തിനോ, സാമ്പത്തിക പുരോഗതിക്കോ ഊന്നൽ നൽകാത്ത, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ബജററാണ് ശിവദാസമേനോൻെറതെന്ന് എറണാകുളം ചേംബർ ആരോപിച്ചു.

(14-ാം പേജിൻെറ തുടർച്ച)

ഊർജ്ജം കൂടുതലായി ഉപയോഗിക്കാറുണ്ട്. ചിലർക്കെങ്കിലും പണമാണ് അവരുടെ ദൈവം. അവരുടെ ഈ പരീക്ഷണത്തിൽ അതാണ് തെളിയിക്കപ്പെടുന്നത്.

പണത്തെ സംബന്ധിച്ച് നമ്മുടെ കാഴ്ചപ്പാട് മാറിപ്പോകുമ്പോൾ ദാവീദിൻെറ പ്രാർത്ഥന ഓർമ്മിക്കുന്നതു വളരെ പ്രയോജനപ്പെടും (1 ദിനവൃത്താന്തം 29:11-17). ''യഹോവേ, മഹത്വവും ശക്തിയും തേജസ്സും യശസ്സും മഹിമയും നിനക്കുള്ളതു; സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതൊക്കെയും നിനക്കുള്ളതല്ലൊ. യഹോവേ, രാജത്വം നിനക്കുള്ളതാകുന്നു; നീ സകലത്തിനും മീതെ തലവനായിരിക്കുന്നു. ധനവും ബഹുമാനവും നിങ്കൽ നിന്നു വരുന്നു: നീ സർവ്വവും ഭരിക്കുന്നു. ശക്തിയും ബലവും നിൻെറ കയ്യിൽ ഇരിക്കുന്നു; സകലത്തെയും വലുതാക്കുന്നതും ശക്തീകരിക്കുന്നതും നിൻെറ പ്രവൃത്തിയാകുന്നു. ആകയാൽ ഞങ്ങളുടെ ദൈവമേ, നിനക്കു സ്തോത്രം ചെയ്തു നിൻെറ മഹത്വമുള്ള നാമത്തെ സ്തുതിക്കുന്നു. എന്നാൽ ഞങ്ങൾ ഇങ്ങനെ ഇത്ര മനപ്പൂർവ്വമായി ദാനം ചെയ്യേണ്ടതിനു പ്രാപ്തരാകുവാൻ ഞാൻ ആർ ? എൻെറ ജനവും എന്തുള്ളു ? സകലവും നിങ്കൽ നിന്നല്ലോ വരുന്നതു; നിൻെറ കയ്യിൽ നിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു. ഞങ്ങൾ നിൻെറ മുമ്പാകെ ഞങ്ങളുടെ സകല പിതാക്കന്മാരെയും പോലെ അതിഥികളും പരദേശികളും ആകുന്നു. ഭൂമിയിൽ ഞങ്ങളുടെ ആയുഷ്ക്കാലം ഒരു നിഴൽ പോലെയത്രേ. യാതൊരു സ്ഥിരതയുമില്ല.

ഞങ്ങളുടെ ദൈവമായ കർത്താവേ നിൻെറ വിശുദ്ധ നാമത്തിനായി നിനക്കു ഒരാലയം പണിയുവാൻ ഞങ്ങൾ ശേഖരിച്ചിട്ടുള്ള ഈ സംഗ്രഹമെല്ലാം നിൻെറ കയ്യിൽ നിന്നുള്ളതു. സകലവും നിനക്കുള്ളതാകുന്നു. എൻെറ ദൈ

വമേ, നീ ഹൃദയത്തെ ശോധന ചെയ്തു പരമാർത്ഥതയിൽ പ്രസാദിക്കുന്നു എന്നു ഞാൻ അറിയുന്നു; ഞാനോ എന്റെ ഹൃദയ പരമാർത്ഥതയോടെ ഇവയെല്ലാം മനപൂർവ്വമായി തന്നിരിക്കുന്നതു ഞാൻ സന്തോഷത്തോടെ കണ്ടുമിരിക്കുന്നു'' (1 ദിനവൃത്താന്തം 29:11-17). ഇതിൽ നിന്നു നമുക്കൊരു ചിത്രം കിട്ടുന്നുണ്ട്. എല്ലാം ദൈവത്തിന്റേതാണ്; സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും എല്ലാം. എല്ലാ കാര്യത്തിലും ഞാൻ ദൈവത്തെ കാണേണ്ടതു ഈ വിധത്തിൽ ആയിരിക്കണം. ഭൗതികമായാലും ഭൗതികമല്ലാത്തതായാലും ശരി. ശക്തി, മഹത്വം, ബലം, തേജസ് എന്നിവ ദൈവമായ കർത്താവിനുള്ളതാണ്. ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളത്.

നിങ്ങൾ എന്തു തന്നെ കൈവശമാക്കിയാലും അതു ദൈവത്തിൽ നിന്നാണ് നിങ്ങൾക്കു കിട്ടിയത്. ഈ ഭൂമിയിൽ നിങ്ങൾക്കു നേടാവുന്നതൊക്കെയും വലിയൊരു കൂമ്പാരമായി കൂട്ടിവെച്ചിട്ടു ഈ സമ്പാദ്യമെല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിൽ നിന്നാണ് എനിക്കിതെല്ലാം ലഭിച്ചതു എന്നു പ്രഖ്യാപിക്കാൻ കഴിയണം. ധനവും ബഹുമാനവും, മഹത്വവും തേജസും എല്ലാം യഹോവയ്ക്കുള്ളതു. ദൈവത്തിന്റെ കയ്യാണ് ഇതെല്ലാം പ്രവർത്തിച്ചത്. പക്ഷെ അതു തിരിച്ചറിയാത്ത ആളുകൾ അവരുടെ സമ്പാദ്യത്തിന്റെയും പ്രസിദ്ധിയുടേയും കീർത്തി ദൈവത്തിനു കൊടുക്കാതെ തങ്ങൾക്കു തന്നെ കൊടുക്കുന്നു എന്നതു എത്ര ഖേദകരമാണ് ? ഈ കാണുന്നതെല്ലാം എന്റെ അദ്ധ്വാന ഫലമാണ്. ഞാൻ ഇതിനുവേണ്ടി എത്ര കഷ്ടപ്പെട്ടു എന്നറിയാമോ എന്നെല്ലാം ആളുകൾ അവരെ തന്നെ പുകഴ്ത്തി സംസാരിക്കും. കഠിനാദ്ധ്വാനം ആവശ്യമാണ്. പക്ഷെ അതിനുള്ള മനസും കഴിവും സാഹചര്യവും തന്നതാരാണ് ? ''എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചുകൊള്ളേണം. നി

ന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം. നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത തന്റെ നിയമം ഇന്നുള്ളതുപോലെ ഉറപ്പിക്കേണ്ടതിനു അവനല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നതു" (ആവർത്തനപുസ്തകം 8:17-18).

നിങ്ങൾ എന്തുതന്നെ കൈവശമാക്കിയാലും ദൈവത്തെ മാററി നിർത്തി അതിന്റെ അവകാശം സ്വതന്ത്രമായി പിടിക്കുവാൻ സാദ്ധ്യമല്ല. ഭൗതികമായ ധനത്തെ നമുക്കു ശരിയായി കാണാൻ കഴിയും. ദാവീദിന്റെ പ്രാർത്ഥനയിൽ അതു രേഖപ്പെടുത്തിയിട്ടുണ്ട്. നാം ഇവിടെ അതിഥികളും പരദേശികളും ആണ്. നമ്മുടെ പിതാക്കന്മാരെപോലെ നമ്മുടെ ആയുസ് ഒരു നിഴൽപോലെ മാഞ്ഞുപോകുന്നതാണ്. നമുക്കിവിടെ സ്ഥിരതയില്ല. എന്നാൽ ഭൗതികമായ സമ്പാദ്യം തെററാണെന്നു പറയുന്നില്ല. പക്ഷെ അതിന്റെ പുകഴ്ച്ചയോ കീർത്തിയോ നാം എടുക്കരുത്. ആത്മീയതയെക്കാൾ അതിനു പ്രാധാന്യം കൊടുക്കരുത്. കാരണം അവയെല്ലാം താല്ക്കാലികവും നശിച്ചു പോകുന്നതും ആണ്. പണത്തോടും ഈ ലോകപ്രകാരമുള്ള സമ്പാദ്യത്തോടും നമുക്കുള്ള കാഴ്ച്ചപ്പാടും മനോഭാവവും ദൈവഹിത പ്രകാരമാക്കി മാററണം. അപ്പോഴാണ് നാം യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുന്നത്.

ദൈവശ്വാസീയ വചനത്തിൽ പറയുന്നതു: ദ്രവ്യാഗ്രഹം സകല ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടകന്നു ബഹു ദുഃഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു. പണത്തിനു വേണ്ടി ആളുകൾ എന്തും ചെയ്യാൻ മടിക്കാത്ത കാലയളവാണ് ഇന്നുള്ളത്. പണത്തെ സംബന്ധിച്ച്, വസ്തുതർക്കത്തെ സംബന്ധിച്ച പ്രശ്നങ്ങളും ആക്രമവും കൊലയും പെരുകി വരികയാണ് നമുക്കു ചുററും. പക്ഷെ നാം ആരും ധനത്തിന്റെ വഞ്ചനയിൽ കുടുങ്ങരുത്. ധനത്തെ കുറിച്ചുള്ള മനുഷ്യന്റെ തെററായ അറിവും തെററായ ഉപയോഗവും അ

ഷരുടെ ജീവിതത്തെ തന്നെ ഉലച്ചു കളയും. ധനവാന്മാരോടു ദൈവ ദാസനായിരുന്ന യാക്കോബ് പറയുന്നതു: അല്ലയോ ധനവാന്മാരേ, നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും, ഉടുപ്പു പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറ പിടിച്ചു. ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും. അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നു. അതു ആർ അനുഭവിക്കും എന്നു അറിയുന്നില്ല (യാക്കോബ് 5:1-2).

ബലഹീനവും വില കുറഞ്ഞതുമായവയിൽ മനസു ഉറപ്പിക്കുന്നവരാണ് ധനത്തിന്റെ പുറകെ പോകുന്നതു: കാരണം ഈ ധനം ഒന്നും നമുക്കു തന്നെ സൂക്ഷിപ്പാൻ സാദ്ധ്യമല്ല. അതു എന്റെ പുറകെ വരുന്നവന്നു ഞാൻ കൈമാറേണ്ടിയിരിക്കുന്നു (സഭാപ്രസംഗി 2:18). ഇന്നു നിങ്ങളുടേതെന്നു നിങ്ങൾ ധരിച്ചുവെക്കുന്നതു നാളെ മററൊരാളുടെ കയ്യിൽ ചെന്നു ചേരും. നമ്മുടെ ആയുസിന്റെ ചുരുക്കം കൊണ്ടു അവയൊന്നും എന്നേക്കും കൈവശമാക്കി വെക്കുവാനും കഴിയുന്നില്ല.

ദാവീദിന്റെ ഈ പ്രാർത്ഥനയിൽ നിന്നു നാം ചോദിക്കേണ്ട ചോദ്യങ്ങൾ എന്തെന്നാൽ; നാം ദൈവത്തേക്കാൾ വലുതായ വില ഇത്തരം ഭൗതികനിക്ഷേപങ്ങൾക്കു കല്പിക്കാറുണ്ടോ ? ദൈവത്തെ ഏററവും ഉയർന്ന രീതിയിൽ പ്രസാദിപ്പിക്കുവാൻ ഭൗതികമായ വസ്തുക്കളോ നിക്ഷേപങ്ങളോ തടസമായി നില്ക്കുന്നുണ്ടോ ? ഞാൻ സഭയ്ക്കു കൊടുക്കേണ്ട ദ്രവ്യം കൊടുക്കുന്നുണ്ടോ ? എന്റെ ഹൃദയത്തെ ശോധന ചെയ്യുന്ന ദൈവത്തിനാണ് ഞാൻ മുൻഗണന കൊടുക്കേണ്ടതു. അതു ഞാൻ കൊടുക്കാറുണ്ടോ ? ദൈവസന്നിധിയിൽ സ്വീകരിക്കത്തക്ക രീതിയിൽ ധനത്തോടുള്ള നമ്മുടെ കാഴ്ചപ്പാടും സമീപനവും മാററം.

★

# വിവേചിക്കുവാൻ പഠിക്കുക

## അലെൻ വെബ്സ്റ്റർ

പാപം ഒരു ജന്തുവാണെങ്കിൽ അതു പാമ്പായിരിക്കും. അതു രോഗമാണെങ്കിൽ അർബ്ബുദമായിരിക്കും. അതൊരു രാസപദാർത്ഥമാണെങ്കിൽ വിഷമായിരിക്കും. വൈദ്യശാസ്ത്ര പ്രകാരം പറഞ്ഞാൽ അതൊരു രോഗമായിരിക്കും. നായാട്ടുകാരന്റെ ഭാഷയിൽ അതൊരു കെണിയായിരിക്കും. നിധി അന്വേഷിക്കുന്നവനു അതൊരു വിഡ്ഢിയുടെ സ്വർണ്ണമായിരിക്കും. എന്നാൽ ജീവിതത്തിനു അതൊരു മരണമാണ്. പാപം ഇന്നു ലോകത്തിൽ എവിടെ നോക്കിയാലും സുലഭമായി കാണുന്ന ഒന്നാണ്.

പാപം എത്ര മോശമായിരുന്നാലും അധികം ആളുകൾ പാപത്തെ ഭയപ്പെടുന്നില്ല. അവരുടെ കണ്ണുകളുടെ ലെൻസുകൊണ്ടു അവർ നോക്കി കാണുന്നതു അതിന്റെ യഥാർത്ഥ രൂപത്തെയല്ല. അതിന്റെ ശരിയായ സ്വഭാവത്തെ അവർക്കു കാണാൻ കഴിഞ്ഞാൽ അവർ തീർച്ചയായും ഭയപ്പെടുക തന്നെ ചെയ്യും. ഏതാനും ഉദാഹരണങ്ങൾ നമുക്കു പരിശോധിക്കാം. സൂര്യൻ മറഞ്ഞ ഇരുട്ട്- "എനിക്കു യാതൊന്നും കാണാൻ കഴിയുന്നില്ല" ആഹാബ് പാപം ചെയ്തപ്പോൾ അതൊരു നിസാര കാര്യം എന്ന രീതിയിലാണ് ചെയ്തത് (1 രാജാക്കന്മാർ 16:31). യേശുവിനെ ശിക്ഷിക്കാൻ ഏല്പിച്ചു കൊടുത്തവർ പറഞ്ഞു, അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ (മത്തായി 27:25). ഇന്നത്തെ ആധുനിക ചിന്തകരിൽ പലരും പാപത്തിന്റെ യഥാർത്ഥ വശത്തെ നിഷേധിക്കുന്നവരാണ്. കറുപ്പിനെ ചാര നിറമായും ചാര നിറത്തെ വെള്ളയായും അവർ ചിത്രീകരിക്കുന്നു. യിരമ്യാവിന്റെ കാലത്തു ഇസ്രായേൽ ജനം ആബാല വൃദ്ധം ദ്രവ്യാഗ്രഹികൾ ആയിരുന്നു. പുരോഹിതന്മാരും പ്രവാചകന്മാരും വ്യാജം പ്രവർത്തിക്കുന്നു. സമാധാനം ഇല്ലാതിരിക്കെ

സമാധാനം എന്നു പറഞ്ഞു അവർ ലഘുവായി ചികിത്സിക്കയാണ്. മ്ലേച്ഛത പ്രവർത്തിച്ചതുകൊണ്ടു അവർ ലജ്ജിക്കേണ്ടിവരും എന്നു യഹോവ അവരോടു അരുളിച്ചെയ്തു. അവർക്ക് അതൊന്നും പാപമായി തോന്നിയില്ല തെററിനെ ശരി എന്ന രീതിയിലാണ് അവർ പ്രവർത്തിച്ചത്.

അവരിലുള്ള പാപേച്ഛയും പാപസ്വഭാവവും അവരുടെ ഉൾക്കാഴ്ചയും കേൾക്കുവാനുള്ള യഥാർത്ഥ കഴിവും നഷ്ടപ്പെട്ടു പോകുന്ന അവസ്ഥയിലെത്തിച്ചു. ഇത്തരത്തിൽ മന്ദീഭവിച്ച ആളുകളെ കുറിച്ച് കർത്താവു പറഞ്ഞതു: കണ്ണുണ്ടായിട്ടും കാണാത്തവർ, ചെവിയുണ്ടായിട്ടും കേൾക്കാത്തവർ, അവർ മന്ദമായി കേൾക്കുന്നു. കേൾക്കുന്നതു ഗ്രഹിക്കുന്നതുമില്ല. അവർ തങ്ങളുടെ ചെവിയും കണ്ണും അടെച്ചിരിക്കയാണ്. മനസിലാകാത്ത വിധം അവരുടെ ഹൃദയം കടുത്തിരിക്കുന്നു. പരീശന്മാരെ കുറിച്ച് കർത്താവു പറഞ്ഞു, അവർ കുരുടന്മാരായ വഴി കാട്ടികൾ എന്ന്. കാരണം അവർക്കോ ശരിയായ കാഴ്ചയില്ല. അപ്പോൾ പിന്നെ അവർ മററുള്ളവരെ എങ്ങനെ വഴി കാണിച്ചു കൊടുക്കും? പാപത്തെ പാപമായി അവർക്കു കാണാൻ സാധിക്കുന്നില്ല. അതു വെറും ഒരു സാധാരണ പ്രവൃത്തിയായി കാണുന്നു.

എത്ര പ്രാവശ്യം ഒരു തെററു തെററാണെന്നു കേട്ടാലും ചിലർ പറയും "എനിക്ക് അതൊന്നും വലിയ തെററായിട്ടു തോന്നുന്നില്ല" എന്ന്. യെശയ്യാവു ദൈവ ജനമായിരുന്ന യെഹൂദന്മാരോടു പറഞ്ഞതു: തിന്മെക്കു പകരം നന്മ എന്നും നന്മക്കു തിന്മ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പിനെ മധുരവും മധുരത്തെ കയ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം (യെശയ്യാവ് 5:20). ദുഷ്ടനെ ന്യായീകരിക്കയും നീതിമാനെ കുററം വിധിക്കയും ചെയ്യുന്ന തലമുറയെ ദൈവം എങ്ങനെ വെറുക്കാതിരിക്കും

വിവേചന ശക്തി നഷ്ടപ്പെട്ടവരാണവർ (സദൃശവാക്യങ്ങൾ 17:15).

നിഷേധാത്മകമായ നന്മയായിട്ടാണ് പാപത്തെ ആളുകൾ വിശേഷിപ്പിക്കുന്നത്. അപക്വതയെന്നോ അറിവില്ലായ്മ എന്നോ ഒക്കെ പറഞ്ഞു പാപത്തിന്റെ യഥാർത്ഥ രൂപത്തെ മാററുവാൻ ശ്രമിക്കുന്നു. നുണ എത്ര നിറം കൊടുത്താലും അതു സത്യമാകയില്ല. ചതിയും കള്ളവും കൊണ്ടു നല്ല ബിസിനസ്സുകാരനായി അറിയപ്പെടുന്നു. അന്യന്റെ വസ്തു വകകൾ മോഷ്ടിക്കുന്നതും കവർന്നെടുക്കുന്നതും ഒരു ഹോബിയായി തീർന്നിരിക്കുന്നു. മദ്യപാനവും, ചീട്ടു കളിയും നിയമ ലംഘനം അല്ലാതായി കരുതുന്നു. ആർഭാടവും സ്ത്രീധനവും, വിവാഹ മോചനവും ഭ്രൂണഹത്യയും പാപമായി കണക്കാക്കാൻ മടിക്കുന്ന സമൂഹമാണ് ഇന്നുള്ളത്. മനുഷ്യരുടെ തിരിച്ചറിവ് എന്ന ഒന്ന് അവരിൽ പ്രവർത്തിക്കാതെ വരികയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ദൂരെയുള്ള കാഴ്ച്ച അടുത്തു കാണിക്കുന്ന യന്ത്രമാണല്ലോ ദൂരദർശിനി യന്ത്രം. പക്ഷെ അടുത്തുള്ളവർക്കു അതു പ്രയോജന ശൂന്യമത്രെ. ചുററുമുള്ളവരുടെ പാപപ്രവൃത്തികൾ കാണാൻ കഴിയുന്നവർക്കു തങ്ങളുടെ സ്വന്തം തെററുകൾ കാണാൻ പററുന്നില്ല. പൌലൊസ് തിമൊഥെയൊസിനു കൊടുക്കുന്ന നിർദ്ദേശം വായിക്കുക. ''നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ടു സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചുകൊള്ളേണം എന്നു ഞാൻ ദൈവത്തെയും ക്രിസ്തുയേശുവിനെയും ശ്രേഷ്ഠ ദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു (1 തിമൊഥെയൊസ് 5:21).

ഏലിയുടെ കുടുംബം തെററിപോയതിനു ഉത്തരവാദി ഏലിയായിരുന്നു എന്നു ദൈവം പറയുന്നുണ്ട്. അവന്റെ മക്കൾ തെററു ചെയ്തതറിഞ്ഞിട്ടും അവരെ വിലക്കാ

തിരുന്നതാണ് ഏലിയുടെ പേരിലുള്ള കുററം (1 ശമുവേൽ 3:13). അവസാനം അവരെ നിയന്ത്രിക്കാൻ പററാത്ത വിധത്തിൽ അവർ ആയി തീർന്നിരുന്നു. മററുള്ളവരുടെ തെററു ചൂണ്ടി കാണിക്കുന്നവർ അവരുടെ വീട്ടിലുള്ളവരുടെ തെററു കാണാതിരിക്കുന്നത് ഉചിതമല്ല. ഒരേ കണ്ണു കൊണ്ടു നാം എല്ലാവരേയും കാണണം. കുടുംബത്തിനു പുറത്തോ സഭയ്ക്കു പുറത്തോ മാത്രം നാം തെററു കണ്ടെത്തിയാൽ പോരാ. നമ്മുടെ വീട്ടിലും സഭയിലും നടക്കുന്ന തെററുകളെ മൂടി വെക്കുകയും ചെയ്യുന്ന പ്രവണത ശരിയല്ല. മദ്യപിക്കുന്നതോ, ആരാധന മുടക്കുന്നതോ അയോഗ്യമായി വസ്ത്രം ധരിക്കുന്നതോ പരദൂഷണവും നുണയും പറയുന്നതിനെ ന്യായീകരിക്കുന്നതും നീതിയാകയില്ല. നമ്മുടെ ആത്മാർത്ഥത എല്ലാവരിലും ഒരുപോലെ പ്രാവർത്തികമാക്കണം.

മററുള്ളവരുടെ തെററു വളരെ വലിയ പാപമായും എന്റെ തെററു വളരെ ചെറുതായും ഞാൻ കാണുന്നുവെങ്കിൽ എന്റെ കാഴ്ചക്കു കുഴപ്പമുണ്ടെന്നർത്ഥം (മത്തായി 7: 3-5). സ്വയ വിമർശനം ഭൂരിഭാഗം പേർക്കും വിഷമമുള്ള കാര്യമാണ്. മററുള്ളവരെ വിമർശിക്കാൻ യാതൊരു പ്രയാസവുമില്ല. പരീശന്മാർ വലിയ ചുമടുകൾ മററുള്ളവരുടെ ചുമലിൽ വച്ചുകൊടുക്കും. ഒരു വിരൽ കൊണ്ടു പോലും അവയെ തൊടുവാൻ അവർക്കു മനസില്ല (മത്തായി 23:4). യുവ പ്രായത്തിൽ വിധവകളായി തീർന്ന സ്ത്രീകൾ വിവാഹം കഴിക്കുന്നതാണ് ഉചിതമെന്നു അപ്പൊസ്തലൻ പഠിപ്പിക്കുന്നുണ്ട്. അല്ലെങ്കിൽ അവർ വീടുകൾ തോറും കയറിയിറങ്ങി മിനക്കെട്ടു നടന്നു അരുതാത്തതു സംസാരിക്കും (1 തിമൊഥെയൊസ് 5:13).

★

# മരുഭൂമിയിലെ ശബ്ദം

ജോണി രാംസെ

പഴയ നിയമ പ്രവാചകന്മാരിൽ നിന്നുയർന്നതു മരുഭൂമിയിലെ അത്യുച്ചത്തിലുള്ള ശബ്ദമായിരുന്നു. അവരെല്ലാം ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരായിരുന്നു. സത്യം അവരിൽ നിന്നു ബഹിർ ഗമിച്ചിരുന്നു. അവരുടെ ഹൃദയങ്ങളിൽ നിന്നു ജനങ്ങളിലേക്കു ദൈവത്തിന്റെ അരുളപ്പാടുകളും ഒഴുകിയിരുന്നു. അവർ ആരെ രക്ഷിപ്പാനായി സേവിച്ചിരുന്നുവോ അവർ ഈ പ്രവാചകന്മാരെ അപമാനിതരാക്കി. എങ്കിലും അവർ തങ്ങളുടെ യഹോവയോടുള്ള വിധേയത്വം വിട്ടു കളഞ്ഞില്ല. സൗകര്യമനുസരിച്ച് മതത്തെ കൊണ്ടു പോകുന്നവരും അജ്ഞരും, ദൈവഭക്തിയെ സംബന്ധിച്ച് പാരമ്പര്യത്തെ മുറുകെ പിടിക്കുന്നവരുമായ ജനത്തോടുള്ള അവരുടെ പ്രവർത്തനം എളുപ്പമായിരുന്നില്ല. ദൈവാലയത്തിനു പിന്നിൽ ഒളിച്ചു പാർക്കുന്ന ജനത്തെ നോക്കി യിരമ്യാ പ്രവാചകൻ കരയുന്നുണ്ട് (യിരമ്യാവ് 7:1-28). അതു ക്രമേണ ആത്മാർത്ഥതയും സത്യ സന്ധതയും ഉള്ള ധ്യാനവും സമർപ്പണവും ഉള്ള സേവനമായി തീർന്നു. മത്സരികളായ ജനം തങ്ങളുടെ അകൃത്യത്തോടു അകൃത്യം കൂട്ടിക്കൊണ്ടിരുന്നതിനാൽ യെശയ്യാവ് കരഞ്ഞു (യെശയ്യാവ് 30:1). യെഹൂദ്യയുടെ ലജ്ജാകരമായ അകൃത്യം നിമിത്തം അവർ ബാബിലോണിൽ എഴുപതു വർഷം അടിമകളായി കഴിയേണ്ടിവന്നു. ഇതോർത്ത് അനാതോത്ത് പൊട്ടിക്കരയുന്നുണ്ട് (വിലാപങ്ങൾ 1:12; 4:5).

കെബാർ നദീ തീരത്തു വെച്ചു യെഹസ്കേൽ പ്രവാചകനുണ്ടായ അരുളപ്പാടിൽ ദൈവ ജനത്തെ ഒർമ്മിപ്പിച്ചതു: അവർ അയൽ രാജ്യങ്ങളിലെ പ്രവൃത്തികളെ അനുകരിച്ച് അവരെപ്പോലെ ആവാൻ ശ്രമിച്ചതുകൊണ്ട് എഴുപതു സംവത്സരം വേദനാ ജനകമായ അടിമത്വം അനുഭവിക്കേ

ണ്ടിവന്നു (യെഹസ്കേൽ 20:32). സ്വർഗ്ഗീയ വക്താവായിരുന്ന ബുദ്ധിമാനായ ദാനിയേലിനെയും ദൈവം ഒരു കാര്യം ഓർമ്മിപ്പിക്കുകയുണ്ടായി. ജാതികളായ രാജാക്കന്മാരുടെ വാഴ്ച്ചക്കാലമായിരുന്നു. ദൈവ ജനം ദൈവത്തിൽ നിന്നു പിന്തിരിഞ്ഞു പോയതായിരുന്നു. അവർ ആരിൽ നിന്നു പിരിഞ്ഞുപോയോ അവൻ തന്നെയാണ് യഥാർത്ഥ രാജാവെന്ന് ദാനിയേൽ വെളിപ്പെടുത്തി (ദാനിയേൽ 4:25). യെശയ്യാവ് മുതൽ ദാനിയേൽ വരെയുള്ള ഈ പ്രവാചക പുസ്തകങ്ങളിൽ ശക്തമായ സന്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. പക്ഷെ ദുഃഖകരമെന്നു പറയട്ടെ; അതെല്ലാം വെറും മരുഭൂമിയിലെ ശബ്ദങ്ങൾ മാത്രമായി അവശേഷിക്കുന്നു. കാരണം നമ്മുടെ കാലയളവിൽ അതു വായിക്കുകയോ മനസിലാക്കുകയോ ചെയ്യുന്നവർ വളരെ കുറച്ചു മാത്രം. ഈ പ്രവചന പുസ്തകങ്ങൾ പഠിക്കുവാനുള്ള അവസരം തള്ളി കളയുന്നതു നിമിത്തം നമ്മുടെ ആത്മീയ ഉൾക്കാഴ്ച്ച വർദ്ധിക്കുന്നില്ല.

പഴയ നിയമത്തിലെ അവസാനത്തെ പന്ത്രണ്ടു പുസ്തകങ്ങളിൽ വളരെ വിലപ്പെട്ട വാക്യങ്ങൾ മുഖാമുഖമായി കാണാൻ പററുന്നവയുണ്ട്. ഹോശെയാ മുതൽ മലാഖി വരെ കടുപ്പമേറിയ പ്രതലത്തെ തകർക്കത്തക്ക ആത്മീയ ശക്തി തന്നെയാണ്, ആ പ്രാസംഗികന്മാരെല്ലാം പ്രതിരോധനിര ഗണ്യമാക്കാതെ സത്യത്തിൽ നിലനിന്നു സൃഷ്ടാവിനുവേണ്ടി സംസാരിച്ചവരായിരുന്നു. യെഹൂദന്മാരുടെ പള്ളികളിൽ പൌലൊസ് അവരെ പൂർവ്വന്മാർക്കു സംഭവിച്ചത് അവരെ ഓർപ്പിക്കുന്നുണ്ട്. എല്ലാ ശബ്ബത്തിലും അവർ പ്രവാചകന്മാരുടെ വാക്കുകൾ അവർ കേട്ടു; വിശുദ്ധമായ വേദവാക്യങ്ങൾ വായിച്ചുകേട്ടു. യോന ഒഴിച്ച് മററു പ്രവാചകന്മാർ ജനങ്ങളുടെ ശത്രുതക്ക് ഇരയായി. ദൈവ സന്ദേശം അവൻ ശക്തമായി പ്രഖ്യാപിക്ക തന്നെ ചെയ്തു (യോനാ 3:2). മനുഷ്യർക്ക് അവരെ വാടകക്ക് എടുക്കുവാനോ അവരെ ശിക്ഷിക്കുവാനോ കഴിഞ്ഞില്ല.

കാരണം അവരുടെ സമർപ്പണം അവരുടെ സൃഷ്ടി കർത്താവിനോടായിരുന്നു. അവരുടെ സമകാലീന മാനുഷിക നേതാക്കന്മാരോടായിരുന്നില്ല അവരുടെ വിധേയത്വം (ഗലാത്യർ 1:10). അതുകൊണ്ട് അവർ മനുഷ്യരെ പ്രസാദിപ്പിച്ചില്ല.

ഹോശെയാ 4:6-ബൈബിൾ പരിജ്ഞാനം തീർച്ചയായും ഉണ്ടായിരിക്കണം. യോവേൽ 2:13-ആന്തരിക വിശുദ്ധി ആവശ്യപ്പെട്ടിരിക്കുന്നു. ഓബേദ്യാവ് 3-നാശത്തിനു മുൻപേ നിഗളം. യോനാ 3:2-ദൈവ ദൂത് പ്രസംഗിക്ക തന്നെ വേണം.. മീഖാ 6:8-ശരിയായ മനോഭാവം പ്രദർശിപ്പിക്കണം. നാഹൂം 1:3-ദൈവം, ദുഷ്ടത കണ്ടിട്ടു നിന്ദിച്ചു തള്ളി കളയുന്നില്ല. ഹബക്കൂക്ക് 2:20-ആദരവ് അനുസരണത്തെ ആവശ്യപ്പെടുന്നു. സെഫന്യാവ് 1:18-നമ്മുടെ വിഗ്രഹങ്ങൾ നമ്മെ രക്ഷിക്കുകയില്ല. ഹഗ്ഗായി 1:6-ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കാത്ത ജീവിതം ശൂന്യമാണ്. സെഖര്യാവ് 13:1-വീണ്ടെടുപ്പ് കാൽവരിയിൽകൂടെ വരുന്നു. മലാഖി 3:8-ദൈവത്തെ കവർന്നെടുക്കുന്നതു ഗൗരവമേറിയ കുററം.

മുകളിൽ സൂചിപ്പിച്ച വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ആമോസ് പറഞ്ഞതിനോടു ഒക്കുന്നു. സ്വർഗ്ഗീയ ഹിതത്തോടു യോജിക്കാതെ നമുക്കു ദൈവത്തോടുകൂടെ നടക്കാൻ സാദ്ധ്യമല്ല. യോവേൽ നമ്മെ ഓർമ്മിപ്പിക്കുന്നതു: തീരുമാനമെടുക്കേണ്ട സമയം വരുമ്പോൾ തീരഞ്ഞെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യം മിഖാ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്ത്യാനിത്വത്തിൻെറ ആവിർഭാവവും (4:1-3) മശിഹയുടെ ജനനവും (5:2) നമ്മുടെ പാപങ്ങൾ സമുദ്രത്തിൻെറ അഗാധത്തിൽ തള്ളിയിടുവാൻ കഴിവുള്ളവനാണ് ദൈവം (7:9). യഹോവക്കു ഒരു ഓർമ്മ പുസ്തകം ഉണ്ടെന്നു മലാഖി വെളിപ്പെടുത്തിയിരിക്കുന്നു. നമ്മുടെ പേർ ജീവ പുസ്തകത്തിൽ നിന്നു

നീക്കം ചെയ്യാതെ നാം ജീവിക്കണം (വെളിപ്പാട് 3:1-5). നാം നമ്മെത്തന്നെ ശോധന ചെയ്തു ദൈവത്തിലേക്കു തിരിയുവാൻ ദൈവം ആഗ്രഹിക്കുന്നു.

നമ്മുടെ സ്വന്ത കഴിവോ ശക്തിയോ അല്ല നമ്മെ നിലനിർത്തുന്നതു. ദൈവത്തിന്റെ ശക്തിയും സഹായവുമാണ് നമ്മെ നിലനിർത്തുന്നത്. ഒബദ്യാവ് ഈ സത്യം നമ്മെ ബോധ്യപ്പെടുത്തുന്നു. സ്വന്ത ആത്മാവിനെതിരെ ചെയ്യുന്ന പാപമാണ് ഏററവും അപകടകരമായിട്ടുള്ളത്. അകൃത്യത്തിന്റെ പുക അടങ്ങുമ്പോൾ വിശ്വസ്തരെ മാത്രമെ കാണാൻ കഴിയൂ. യിസ്രായേൽ യഹോവയ്ക്കു വേണ്ടി ഒരുങ്ങിയിരിക്കേണ്ടിയിരുന്നു. എന്നാൽ അവർ അവിശ്വസ്തത കാണിച്ച് പരസംഗം ചെയ്തു. ഏശാവിന്റെ പിൻഗാമികൾ തങ്ങളുടെ സഹോദരന്മാരെ കുറിച്ച് കരുതലില്ലാതെ മറു കരയിൽ നിന്നു സന്തോഷിക്കുന്നവരായി കാണുന്നു. യഹോവയുടെ അത്ഭുത ന്യായവിധി അവർ അനുഭവിക്കേണ്ടിവരും. യോനയെ പോലെയാണ് ഇന്നു ചിലർ നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളെ കുറിച്ചു ചിന്തിക്കാതെ സ്വാർത്ഥതയിൽ കഴിയുന്നു. നമ്മുടെ സുഖത്തേക്കാൾ മററുള്ളവരുടെ രക്ഷ വലുതായി നാം കാണണം.

നമ്മുടെ കാലയളവിൽ കർത്താവു പറഞ്ഞതു കൊയ്ത്തു വളരെ വേലക്കാരോ ചുരുക്കം എന്നാണ്. പാപത്തിൽ ജീവിക്കുന്ന മനുഷ്യരെ രക്ഷിക്കുവാനായി നാം ഒന്നും പറയാതിരിക്കുമ്പോൾ അവരുടെ രക്തം നമ്മോടു ചോദിക്കും എന്ന വേദവാക്യത്തെ മറന്നു കളയുന്നു (യെഹസ്കേൽ 3:18-19). അന്നു മരുഭൂമിയിൽ വിളിച്ചു പറഞ്ഞ പ്രവാചകന്മാരുടെ ശബ്ദം അന്നത്തെ ആളുകൾ ശ്രദ്ധിച്ച് അനുകരിച്ചിരുന്നെങ്കിൽ അവർക്കു നാശം ഒഴിവാക്കാമായിരുന്നു.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram and J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To